ഇവരുടെ കേബിളുകൾ റോഡിൽ നിന്ന് മാറ്റി സ്ഥാപിക്കുന്നുമുണ്ട്. കർശന വ്യവസ്ഥയോടെ മാത്രമേ ഇത്തരം ഏജൻസികൾക്ക് പൈപ്പ് ഇടാനും കേബിളുകൾ ഇടാനുമുള്ള അനുവാദം കൊടുക്കാറുള്ളൂ. കഴിവതും റോഡിന്റെ വശങ്ങളിൽ മാത്രമേ ഈ ഏജൻസികളെകൊണ്ട് പൈപ്പുകളും കേബിളുകളും ഇടീക്കാറുള്ളൂ. ഏതെങ്കിലും അത്യാവശ്യ സാഹചര്യത്തിൽ റോഡുകൾ കട്ട് ചെയ്യണമെങ്കിൽ ഈ റോഡുകൾ നിലവിലുള്ള സ്ഥിതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള Restoration charge ഈ ഏജൻസിയിൽ നിന്നും ഈടാക്കി ഇതിന്റെ പുനർ നിർമ്മാണം കെ.എസ്.ടി.പി. തന്നെയാണ് ചെയ്യുന്നത്. ഇതുമൂലം കെ.എസ്.ടി.പി.പദ്ധതിയിൽപ്പെട്ട റോഡുകളിൽ പൈപ്പുകളും കേബിളുകളും തകരാറായി റോഡിന്റെ ആയുസ്സ് കുറയുന്നില്ല.

ദേശീയപാതാ വിഭാഗത്തിൽപ്പെടുന്ന റോഡുകളിൽ കേബിളുകളും പൈപ്പ് ലൈനുകളും ഇടാനുള്ള അനുമതി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് നൽകുന്നത്. നിലവിലെ നിർദ്ദേശപ്രകാരം കേബിളുകളും പൈപ്പ് ലൈനുകളും റൈറ്റ് ഓഫ് വേയുടെ അരികിൽകൂടി മാത്രമേ ഇടുവാൻ അനുമതി നൽകുകയുള്ളൂ. റോഡിന്റെ ടാർ ചെയ്ത ഭാഗം ക്രോസ് ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ ടാർ ഉപരിതലത്തിൽ ഇറക്കുന്ന കുഴിയെടുക്കൽ അനുവദിക്കാതെ Horizontal Directional Drilling (HDD) ലൂടെ ടാർ ചെയ്ത ഉപരിതലം ക്രോസ് ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്.

ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ പരിഷ്കരണം

26(*266) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പാഠപുസ്തകങ്ങൾ എന്നു മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ.അബ്ദു റബ്ബ്) : സർ,

(എ) ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. കേരള സ്കൂൾ പാഠ്യപദ്ധതി-2013-ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ഒന്നാംവർഷ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ (11-ാം ക്ലാസ്) 9-1-2014-ന് ചേർന്ന 41-ാമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി 2014-15 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യൂണിവേഴ്സിറ്റികൾ, കോളേജ് തല വിദഗ്ധർ, ഹയർസെക്കന്ററി അദ്ധ്യാപകർ, എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ, വിവിധ വിഷയങ്ങളുടെ വിദഗ്ദ്ധരായ അദ്ധ്യാപകർ തുടങ്ങിയവർ അടങ്ങിയ സമിതികളാണ് എസ്.സി.ഇ.ആർ.ടിയുടെ വിവിധ ശില്പശാലകളിൽ വച്ച് ഈ പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്.

(സി) 2014-15 അദ്ധ്യയന വർഷം മുതൽ 11-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ നിലവിൽവന്നു. 2015-16 അദ്ധ്യയന വർഷം മുതൽ 12-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ

27(*267) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ.അടൂർ പ്രകാശ്) : സർ,

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിലെ 14 ജില്ലകളിലും റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രീ-റവന്യൂ സർവ്വേ അദാലത്ത് സംഘടിപ്പിച്ചിരുന്നു.

(ബി) തീർപ്പാക്കാൻ ശേഷിക്കുന്ന റവന്യൂ വകുപ്പിലേയും സർവ്വേ വകുപ്പിലേയും പരാതികളിന്മേൽ അടിയന്തരമായി പരിശോധന നടത്തി തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി&ഡി) ഏകദേശം 72% പരാതികൾ പരിഹരിച്ചിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly